# പതിമൂന്നാം കേരള നിയമസഭ
## 8-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2170 26.03.2013 - ലെ മറുപടിക്ക്

പെൻഷൻ പ്രായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് | ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി<br>കെ. എം. മാണി |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ വിഭാഗത്തിൽ / വകുപ്പുകളിൽ ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായമാണ് വർദ്ധിപ്പിച്ചിട്ടുളളത് ; വിശദാംശം നൽകുമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചുവടെയുള്ള വിഭാഗത്തിൽ / വകുപ്പുകളിൽ ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട്.<br>(1) 26.03.2012 ലെ സ.ഉ(പി)നം.183/ 2012/ഫിൻ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചു.<br>(2) 01.01.2013 ലെ ജി.ഒ(പി)നം.1/2013/ധന പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടെയും സർക്കാർ ഡെന്റൽ കോളേജുകളിലെയും, മെഡിക്കൽ കോളേജുകളിലെ ഡെന്റൽ വിംഗുകളിലെ ഡോക്ടർമാരുടെയും ആയുർവേദ, ഹോമിയോ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൾമാർ ഉൾപ്പെടെയുളള ടീച്ചിങ് സ്റ്റാഫിന്റെയും പെൻഷൻ പ്രായം 60 |

| | |
|---|---|
| | ആയി വർദ്ധിപ്പിച്ചു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>(3) 28.07.2012 ലെ ജി.ഒ.(എം.എസ്)നം..134/12/ റ്റിഡി പ്രകാരം അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ആന്റ് സെയിൽസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ മെമ്പർ (അക്കൗണ്ട്സ്) ന്റെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.<br>(4) 31.03.2012 ലെ ജി.ഒ.(ആർ.റ്റി.)നം..809/12/ എ.ഡി പ്രകാരം ഫാം ലേബറേഴ്സിന്റെ പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചു<br><br>(5) 31.05.2012 ലെ ജി.ഒ.(എം.എസ്.)നം..25/12/വി.ഐ.ജി പ്രകാരം സംസ്ഥാന വിജിലൻസ് ട്രിബ്യൂണലുകളുടെ പെൻഷൻ പ്രായം 62 ആയി വർദ്ധിപ്പിച്ചു.<br><br>(6) 30.06.2012 ലെ ജി.ഒ.(എം.എസ്.)നം..167/12/റ്റി.എസ്.എം പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്ററഡീസിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചു.<br>(7) 10.12.2012 ലെ ജി.ഒ.(എം.എസ്.)നം..418/12/ എച്ച്. ആന്റ് എഫ്. ഡബ്ല്യൂ.ഡി പ്രകാരം |

| | |
|---|---|
| | ശിശു വികസന കേന്ദ്രത്തിലെ(സിഡിസി) ഡയറക്ടറുടെയും മെഡിക്കൽ സുപ്രണ്ടിൻെറയും പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു<br>(8) 28.02.2013 ലെ ജി.ഒ.(എം.എസ്.) നം..12/13/മ.തു.വ പ്രകാരം അഡാക്കിലെ സ്ഥിര ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചു<br>(9) പെൻഷൻ പ്രായം 56 വയസ്സായി സർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഓരോ വകുപ്പും അവരുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കുന്നതിനായി നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യാനുസരണം ഭേദഗതികൾ വരുത്തുന്നതിനായി 10.10.2012 ലെ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ